6. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും അയച്ച 495 പി.പി.ഇ. കിറ്റുകൾ ആശുപത്രികൾക്ക് വിതരണം ചെയ്തു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആശുപത്രികളിൽ മോക്ക് ഡ്രില്ലുകൾ നടത്തി. ഹജ്ജ് തീർത്ഥാടന കാലത്ത് നിരീക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു.

7. യാത്രക്കാരുടെ സഹായത്തിന് ഹെൽപ്പ് ലൈൻ നമ്പർ ദിശ 1056/0471-2552056 ഏർപ്പെടുത്തി.

8. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

ഗാമാ സ്കാൻ സംവിധാനം

16 (723) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മെഡിക്കൽ കോളേജുകൾ, ക്യാൻസർ സെന്റർ ഇവയിൽ ഗാമാ സ്കാൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച ശിപാർശകൾ പരിഗണനയിലുണ്ടോ;

(സി) ഏതെങ്കിലും കമ്പനികൾ ഇതുസംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജാശുപത്രിയിൽ ഗാമാ സ്കാൻ സംവിധാനം സ്ഥാപിക്കുന്നതിനായുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ഗാമാ ക്യാമറ സ്കാൻ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. മലബാർ ക്യാൻസർ സെന്ററിൽ ഗാമാ ക്യാമറ സ്കാൻ (SPECT/CT) സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഗ്ലോബൽ ടെണ്ടർ വിളിച്ചിട്ടുണ്ട്.

ആഭരണത്തൊഴിലാളി ക്ഷേമനിധി

17 (724) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്നിട്ടുള്ള അംഗങ്ങൾക്ക് RSBY/ചിസ് പദ്ധതിയിൽ ചേരുവാൻ നിലവിൽ തടസ്സമുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൊഴിലും പുനരധിവാസവും വകുപ്പിന്റെ 25-11-2010-ലെ സ.ഉ(കൈ) നമ്പർ142/10/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം വിഭാഗങ്ങൾക്ക് അംഗമാകാം എന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ആഭരണത്തൊഴിലാളി ക്ഷേമ നിധിയിൽ അംഗത്വമെടുത്തവരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അവർക്ക് നിലവിലെ മാനദണ്ഡപ്രകാരം പദ്ധതിയിൽ ചേരാൻ കഴിയുകയില്ല. എന്നാൽ കൈത്തൊഴിലാളി/വിദഗ്ധത്തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വമുള്ളവർക്കും, റേഷൻ കാർഡ് പ്രകാരം പ്രതിമാസം അറ്റുനേറ് രൂപ വരുമാന പരിധിയുള്ളവർക്കും പദ്ധതിയിൽ അംഗമാകാം.

അന്യസംസ്ഥാനങ്ങളിൽനിന്നും കീടനാശിനി തളിച്ച് വരുന്ന പഴം, പച്ചക്കറിവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ പരിശോധന

18 (725) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴം, പച്ചക്കറി വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ മാരകമാംവിധം കീടനാശിനി തളിക്കപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) വിഷവും കീടനാശിനിയും തളിച്ച ഭക്ഷ്യവസ്തുക്കൾ പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(സി) ആരോഗ്യ വകുപ്പ് നടത്തിയ പരിശോധനയിൽ കീടനാശിനി തളിച്ച ഭക്ഷ്യ വസ്തുക്കൾ എത്ര അളവിലാണ് പിടിച്ചെടുത്തത് ; എത്ര പേർക്കെതിരെ കേസെടുത്തു ; വിശദാംശം ലഭ്യമാക്കാമോ ?